# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5248** — **12-08-2021 - ൽ മറുപടിയ്ക്ക്**

### കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സർക്കാർ സ.ഉ.(പി)നം.3/2017/ഉ.ഭ.വ പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.എഫ്.ഇ. യിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; വ്യക്തമാക്കാമോ; | (എ) | ഉണ്ട്; കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ 15.05.2017 ൽ പ്രസിദ്ധീകരിച്ചു. |
| (ബി) | മാർഗ്ഗനിർദ്ദേശരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ സ്ഥലം മാറ്റങ്ങൾ നടത്തുന്നത്; വ്യക്തമാക്കാമോ; | (ബി) | മാർഗ്ഗ നിർദ്ദേശരേഖയിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റങ്ങൾ നടത്തുന്നത്. |
| (സി) | മാർഗ്ഗനിർദ്ദേശരേഖ പ്രകാരം ട്രാൻസ്ഫർ അപേക്ഷകരുടെ വിവരങ്ങളും തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുള്ള മുൻഗണനാ പട്ടികയും കഴിഞ്ഞ നാല് വർഷങ്ങളായി പ്രസിദ്ധീകരിക്കാറുണ്ടോ; വ്യക്തമാക്കാമോ; | (സി) | മുൻഗണനാ പട്ടിക കമ്പനി പ്രസിദ്ധീകരിക്കാറില്ല. |
| (ഡി) | സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പാലിക്കണമെന്നാവശ്യപ്പെട്ട് സംഘടനകൾ കോടതിയെ സമീപിച്ചത് കെ.എസ്.എഫ്.ഇ. യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘടനകൾ സമർപ്പിച്ച ഹർജികളിൽ അവരുടെ നിവേദനങ്ങൾ തീർപ്പ് കല്പിക്കണമെന്നാണ് ബഹു:ഹൈക്കോടതിയുടെ വിധി. അത് പ്രകാരം നിവേദനങ്ങൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ